മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

**വാർത്താക്കുറിപ്പ്(3)**

**2024 ജനുവരി 9**

---

## ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവം; എം.ജി യൂണിവേഴ്സിറ്റിക്ക് കിരീടം

വിശാഖപട്ടണത്തു നടന്ന 37-ാമത് ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഓവറോൾ കിരീടം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ 23 സർവകലാശാലകൾ പങ്കെടുത്ത കലോത്സവത്തിൽ 27 ഇനങ്ങളിലായിരുന്നു മത്സരം.

എല്ലാ ഇനങ്ങളിലും മത്സരിച്ച എം.ജി സർവകലാശാല എട്ട് ഒന്നാം സ്ഥാനവും നാല് രണ്ടാം സ്ഥാനവും അഞ്ച് മൂന്നാം സ്ഥാനവും രണ്ട് നാലാം സ്ഥാനവും നേടിയാണ് ഒന്നാമതെത്തിയത്. ആന്ധ്രാ സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. കെ. സാമന്ത സമ്മാനദാനം നിർവഹിച്ചു.

എം.ജി സർവകലാശാലാ ഡി.എസ്.എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡോ. ആന്റണി ജോസഫ്, സി.ജി. മഞ്ജുഷ, സുജിൻ രാജ്, ശ്രീഗണേഷ് ദേവ് എന്നിവരും സന്നിഹിതരായിരുന്നു.

കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർഥികളെയും ഏകോപനം നിർവഹിച്ച ഡി.എസ്.എസിനെയും വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അഭിനന്ദിച്ചു.

*ഫോട്ടോ ക്യാപ്ഷൻ..*
വിശാഖപട്ടണത്തു നടന്ന ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ കലോത്സവത്തിൽ ഓവറോൾ കിരീടം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലാ ടീം.

(പി.ആർ.ഒ/39/34/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**